**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 652** **06-12-2022 - ൽ മറുപടിയ്ക്ക്**

**മഞ്ചേശ്വരം മണ്ഡലത്തിലെ വ്യവസായ സംരംഭങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എ കെ എം അഷ്‌റഫ്** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | മഞ്ചേശ്വരം മണ്ഡലത്തിൽ 2016 മുതൽ ആരംഭിച്ച വ്യവസായ സംരംഭങ്ങളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ; | (എ) | മഞ്ചേശ്വരം മണ്ഡലത്തിൽ 2016 മുതൽ 317 യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിൽ പ്രധാനമായും കെട്ടിടനിർമാണ സാമഗ്രികളുടെ നിർമാണം, ഭക്ഷ്യ- കാർഷികാധിഷ്ഠിതം, ഫുഡ്സ് ആൻഡ് ഫുഡ് ബേസ്ഡ്, പേപ്പർ ഉൽപ്പന്നങ്ങൾ എന്നീ മേഖലയിലുള്ള സംരംഭങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്. |
| (ബി) | പ്രസ്തുത സംരംഭങ്ങൾക്ക് സർക്കാർ നൽകിയ സഹായങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (ബി) | പ്രസ്തുത സംരംഭങ്ങൾക്ക് വ്യവസായ വകുപ്പ് വഴി നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ വഴി താഴെപ്പറയുന്ന ധന സഹായം നൽകിയിട്ടുണ്ട്<br><br>1. സംരംഭക സഹായ പദ്ധതി (ESS) പ്രകാര 49 യൂണിറ്റുകൾക്ക് സബ്സിഡിയായി 4.08 കോടി രൂപ അനുവദിച്ചു.<br>2. പ്രധാന മന്ത്രിയുടെ തൊഴിൽദായക പദ്ധത് (പി.എം.ഇ.ജിപി) പ്രകാരം 35 യൂണിറ്റുകൾക്ക് 127.04 ലക്ഷം രൂപ ധനസഹായം അനുവദിച്ചു.<br><br>3. മാർജിൻ മാണി ഗ്രാന്റ് ടു നാനോ യൂണിറ്റ്സ് പദ്ധതി പ്രകാരം 4 യൂണിറ്റുകൾക്ക് 12 ലക്ഷം രൂപ ധനസഹായം അനുവദിച്ചു.<br><br>4. വ്യവസായ ഭദ്രത പലിശ ഇളവ് പദ്ധതി പ്രകാരം 13 യൂണിറ്റുകൾക്ക് 17.75 ലക്ഷം രൂപ ധനസഹായം അനുവദിച്ചു. |
| (സി) | മഞ്ചേശ്വരം താലൂക്കിൽ കൂടുതൽ വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | സംരംഭക വർഷം പദ്ധതിയുടെ ഭാഗമായുള്ള പ്രവർത്തനങ്ങൾ ഉൾപ്പെടെ വകുപ്പ് വഴി നടപ്പിലാക്കുന്ന വിവിധ പ്രവർത്തങ്ങളും ധനസഹായ പദ്ധതികളും വഴി മഞ്ചേശ്വരം മണ്ഡലത്തിൽ കൂടുതൽ വ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട് |

| | | | |
|---|---|---|---|
| (ഡി) | കർണാടകയിലെ മംഗലാപുരം നഗരത്തിന്റെ സ്വാധീനം ഉപയോഗപ്പെടുത്തി നിക്ഷേപകരെ ആകർഷിക്കാൻ മഞ്ചേശ്വരത്ത് നിക്ഷേപ സംഗമം സംഘടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | കർണ്ണാടകയിലെ മംഗലാപുരം നഗരത്തിന്റെ സ്വാധീനം ഉപയോഗപ്പെടുത്തി നിക്ഷേപക സംഗമം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ